(സി) പ്രസ്തുത കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യുന്നതിനായി തിരുവനന്തപുരം നഗരത്തിലെ എല്ലാ പോലീസ് സ്റ്റേഷൻ അതിർത്തികളിലും രാത്രി പകൽ ഭേദമന്യേ കൂടുതൽ പോലീസിനെ വിന്യസിച്ച് പോലീസ് പട്രോളിംഗ് ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പോലീസ് പട്രോളിംഗ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും അസിസ്റ്റന്റ് പോലീസ് കമ്മീഷണർമാരും പോലീസ് കമ്മീഷണറും ഇത്തരം പ്രദേശങ്ങളിൽ റോന്തുചുറ്റി പ്രത്യേക നിരീക്ഷണം നടത്തിവരുന്നു. ഇത്തരം കുറ്റകൃത്യങ്ങളിൽ സഹിതമായി ഏർപ്പെടുന്നവരെ പോലീസിന്റെ പ്രത്യേക നിരീക്ഷണത്തിൽവയ്ക്കുകയും ഇക്കാര്യത്തിൽ പോലീസിന് വിവരം നൽകാൻ ബന്ധപ്പെട്ട റസിഡൻഷ്യൽ അസോസിയേഷൻ ഭാരവാഹികളോടും മറ്റ് സന്നദ്ധ സംഘടനകളോടും ആവശ്യപ്പെട്ടിട്ടുള്ളതും അവരുടെ കൂടെ സഹകരണത്താൽ സജീവമായി പോലീസ് നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

(ഡി) മോഷണം തടയുന്നതിന് കള്ളൻമാരെ കണ്ടാലുടൻ വെടിവെക്കാൻ നിർദ്ദേശം നൽകിയിട്ടില്ല. രാത്രി കാലങ്ങളിൽ പട്രോളിംഗ് ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ അവർക്ക് അനുവദിച്ചിട്ടുള്ള ആയുധങ്ങൾ കൈവശം വയ്ക്കണമെന്ന നിർദ്ദേശം മാത്രമാണ് നൽകിയിട്ടുള്ളത്.

മോഷണങ്ങൾ സംബന്ധിച്ച വിശദാംശം

54. [54] ശ്രീ. വി. കെ. ചന്ദ്രൻ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 5 വരെ സംസ്ഥാനത്ത് എത്ര മോഷണങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇവയിൽ കച്ചവട സ്ഥാപനങ്ങൾ, വീടുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ, സർക്കാർ സ്ഥാപനങ്ങൾ, എന്നിവയുടെ എണ്ണവും തുകയും വേർതിരിച്ച് വ്യക്തമാക്കുമോ;

(സി) എത്ര മോഷണങ്ങളിൽ തൊണ്ടി, മുതൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly